## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ : അനുപമ.റ്റി.വി IAS )

തിരുവനന്തപുരം

ഉത്തരവ് നം: എ.സി.1.25935/16(1) തീയതി : 19.05.2017

---

വിഷയം : സാമൂഹ്യനീതി വകുപ്പ് - ജില്ലാസാമൂഹ്യനീതി ഓഫീസ്, തിരുവനന്തപുരം വകുപ്പുതല ആഡിറ്റ് റിപ്പോർട്ട് - അന്തിമ ബാധ്യത നിശ്ചയിച്ച് ഉത്തരവാകുന്നു.

പരാമർശം :-
1. ഫിനാൻസ് ഓഫീസറുടെ വകുപ്പുതല ആഡിറ്റ് റിപ്പോർട്ട്
2. സാമൂഹ്യനീതി ഡയറക്ടറുടെ 22.2.2017ലെ മേൽ നമ്പർ ഉത്തരവ്
3. തിരുവനന്തപുരം ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ 22.3.2017ലെ എ.3224/16 നമ്പർ കത്ത്
4. വെള്ളനാട് സി.ഡി.പി.ഒ.യുടെ 15.3.2017ലെ ഐസിഡിഎസ്/VLND/120/2017 നമ്പർ കത്ത്
5. പെരുങ്കടവിള മുൻ സി.ഡി.പി.ഒ ശ്രീമതി.കോമളകുമാരിയുടെ 16.3.2017ലെ കത്ത്
6. സാമൂഹ്യനീതി ഡയറക്ടറുടെ 11.5.2017ലെ തീരുമാനം

തിരുവനന്തപുരം ജില്ലാസാമൂഹ്യനീതി ഓഫീസിലെ 28.06.2014 മുതൽ 31.03.2016 വരെയുള്ള കണക്കുകൾ വകുപ്പുതലത്തിൽ പരിശോധിച്ച പരാമർശം ഒന്ന് പ്രകാരമുള്ള ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് ആകെ 1,15,000/-രൂപ ടി കാലയളവിലെ ജില്ലാസാമൂഹ്യനീതി ഓഫീസറുടേയും, തെറ്റായ അപേക്ഷ ശുപാർശ ചെയ്ത സി.ഡി.പി.ഒ.മാരുടേയും, തിരുവനന്തപുരം ജില്ലാസാമൂഹ്യനീതി ഓഫീസിലെ സെക്ഷൻ ക്ലാർക്കിന്റേയും ബാദ്ധ്യതയായി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന് പരാമർശം 3, 4, 5 പ്രകാരം ലഭ്യമായിട്ടുള്ള കത്തുകളും, ആയതിനൊപ്പം ഹാജരാക്കിയിട്ടുള്ള ബി.പി.എൽ സർട്ടിഫിക്കറ്റുകളും പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഖണ്ഡിക ജി-1-b-4 ൽ ക്രമനം.356 ഡോളി ജോൺ, ഖണ്ഡിക G.C.2(a) ൽ ക്രമനം. 153 ബിജി എസ് എന്നിവരുടെ ബി.പി.എൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയ സാഹചര്യത്തിലും ഖണ്ഡിക ജി-e-1 ശ്രീമതി.ക്രിസ്റ്റൽ ഭായിയുടെ അപേക്ഷയിലെ അപാകത പരിഹരിച്ചിട്ടുള്ള സാഹചര്യത്തിലും, ടി പരാമർശങ്ങൾ ഒഴിവാക്കി തുക ബന്ധപ്പെട്ട ജില്ലാ ഓഫീസർ, സി.ഡി.പി.ഒ മാർ എന്നിവരുടെ ബാദ്ധ്യതയിൽ നിന്ന് കുറവ് ചെയ്യാൻ പരാമർശം 6 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. അതുപോലെ ഖണ്ഡിക G.C.2(a) യിൽ ക്രമ നം.107 യശോദ.T എന്നയാളുടെ അപേക്ഷ ശുപാർശ ചെയ്തത് ശ്രീമതി.പ്രേമലതാദേവി അല്ലായെന്നും ശ്രീമതി.അനിതാനോബിൾ ആണെന്നും തിരുവനന്തപുരം ജില്ലാ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ 3750/-രൂപ ശ്രീമതി.അനിതാനോബിളിന്റേതായി പുനർ നിശ്ചയിയ്ക്കുവാനും തീരുമാനിച്ചിട്ടുണ്ട്. മറ്റുള്ള അപേക്ഷകളോടൊപ്പം ഹാജരാക്കിയിട്ടുള്ള ബി.പി.എൽ സർട്ടിഫിക്കറ്റുകൾ 2017 വർഷത്തെ തീയതിയിലേതോ 2017ലെ ബി.പി.എൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന തരത്തിലുള്ളതോ ആയ സർട്ടിഫിക്കറ്റുകളാണ്. ധനസഹായ തുക മാറിയിട്ടുള്ളത് 31.03.2015ലാണ്. ആയതിനാൽ ടി ബി.പി.എൽ സർട്ടിഫിക്കറ്റുകൾ അംഗീകരിയ്ക്കുവാൻ കഴിയുകയില്ല. ഈ സാഹചര്യത്തിൽ ആഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള അന്തിമ ബാദ്ധ്യത ചുവടെ പറയും പ്രകാരം നിശ്ചയിച്ച് ഉത്തരവാകുന്നു.

Vj.

| ക്രമ നം. | ഓഫീസറുടെ/ജീവനക്കാരന്റെ പേര് | ബാദ്ധ്യത തുക |
|---|---|---|
| 1. | ശ്രീ.H.S.ബാബു, ജില്ലാസാമൂഹ്യനീതി ഓഫീസർ (Rtd) 'സൗഹൃദ' പത്തനവിള, പരണിയം, പൂവാർ പി.ഒ തിരുവനന്തപുരം 695 525 | 45,000/- |
| 2. | ശ്രീമതി.അനിതാകുമാരി, ശിശുവികസനപദ്ധതി ഓഫീസർ, വെള്ളനാട് | 11,250/- |
| 3. | ശ്രീമതി.പ്രസന്നകുമാരി, ശിശുവികസനപദ്ധതി ഓഫീസർ, തിരുവനന്തപുരം അർബൻ III | 5,000/- |
| 4. | ശ്രീമതി.രമ.സി.എസ് ശിശുവികസനപദ്ധതി ഓഫീസർ, നേമം | 10,000/- |
| 5. | ശ്രീമതി.കോമളകുമാരി, സി.ഡി.പി.ഒ (Rtd) പെരുങ്കടവിള 'രാഹുൽ നിവാസ്' കോട്ടുകാൽക്കോണം കട്ടച്ചൽ കുഴി.പി.ഒ., തിരുവനന്തപുരം | 7,500/- |
| 6. | ശ്രീമതി.അനിതാ നോബിൾ, PNRA-B-13, ശ്രീകൃഷ്ണാ ലെയ്ൻ, അമ്പലമുക്ക്, കവടിയാർ P.O., തിരുവനന്തപുരം | 3,750/- |
| 7. | ശ്രീ.C.S.സുരേഷ് കുമാർ , ഹെഡ് അക്കൗണ്ടന്റ്, സാമൂഹ്യനീതി ഡയറക്ടറേറ്റ് (അനക്സ്) | 5,000/- |
| | **ആകെ** | **87,500/-** |

മേൽ ഭേദഗതികളോടെ പരാമർശം 2-ലെ ഉത്തരവ് നിലനിൽക്കുന്നതാണ്. ബാദ്ധ്യത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥർ 5 ദിവസത്തിനകം 2235-02-911-99(P)ROP ശീർഷകത്തിൽ ഒടുക്കി ചെലാൻ പകർപ്പടക്കം വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം മേൽ വ്യക്തികളുടെ ശമ്പളത്തിൽ നിന്നോ ഡി.സി.ആർ.ജി.യിൽ നിന്നോ ടി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതാണ്. പെൻഷൻ ആനുകൂല്യങ്ങൾ വിതരണം നടത്തി കഴിഞ്ഞിട്ടുള്ള കേസുകളിൽ റവന്യൂ റിക്കവറി മുഖേന തുക ഈടാക്കുന്നതാണ്.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ് :
1. ജില്ലാ സാമൂഹ്യനീതി ഓഫീസർ/പ്രോഗ്രാം ഓഫീസർ, തിരുവനന്തപുരം
2. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സീനിയർ ഫിനാൻസ് ഓഫീസർ, സാമൂഹ്യനീതി ഡയറക്ടറേറ്റ്
3. സൂപ്രണ്ട്, 'ഇ' സെക്ഷൻ
4. ഇ2 സീറ്റ്
5. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ
6. ഡയറക്ടറുടെ സി.എ
7. സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

Vj.